**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

നം. 330967/ഇഎം1/2015/തസ്വഭവ തിരുവനന്തപുരം, തീയതി: 18.11.2015

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ - സർക്കുലർ പുറപ്പെടുവിച്ചത് - ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 27.10.2015-ലെ 318781/ഇഎം1/2015/തസ്വഭവ നമ്പർ സർക്കുലർ.
2. 06.11.2015-ലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 6330/ബി/2015/സം.തി.ക. നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2015 നവംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും കഴിഞ്ഞതിനുശേഷം, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ തീയതി നിശ്ചയിച്ചും, പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും, സൂചന (1)-ലെ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2)-ലെ കത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 29.11.2015-ലും, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലും, കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലും 30.11.2015-ലും അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ തീയതി യഥാക്രമം 30.11.2015-ഉം 01.12.2015-ഉം ആയി നിശ്ചയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ 30.11.2015, രാവിലെ 10.30 മണിക്കും, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ 01.12.2015, രാവിലെ 10.30 മണിക്കും നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് വരണാധികാരിയും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. തിരഞ്ഞെടുപ്പിനെത്തുടർന്ന്

സ്വീകരിക്കേണ്ട മറ്റ് നടപടികൾ സൂചന (1)-ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച് സൂചന (1) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**,
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ ഇടുക്കി/കോഴിക്കോട്/കണ്ണൂർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി/കോഴിക്കോട്/കണ്ണൂർ.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ